**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1169** **18-01-2021 - ൽ മറുപടിയ്ക്ക്**

**കരിമ്പട്ടികയിൽ ഉൾപ്പെട്ട കരാറുകാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Shri G. Sudhakaran<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; | (എ) | പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി, ത്രിതല പരിശോധനാ സംവിധാനം വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ കരാർ ഏറ്റെടുക്കുന്ന കരാറുകാരൻ, നിർമ്മാണ വസ്തുക്കൾ ഏതെങ്കിലും അംഗീകൃത ലബോറട്ടറിയിലോ ഫീൽഡിൽ എസ്റ്റാബ്ളിഷ് ചെയ്തിട്ടുള്ള ലബോറട്ടറികളിലോ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പരിശോധിപ്പിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തിയിരിക്കണം. ഇത് ആദ്യ തലത്തിലുള്ള (Ist tier) സംവിധാനമെന്ന് അറിയപ്പെടുന്നു. പരിശോധന ഫലങ്ങൾ പൊതുമരാമത്ത് വകുപ്പ് ക്വാളിറ്റി കൺട്രോൾ മാന്വൽ, IS മാനദണ്ഡങ്ങൾ എന്നിവയുടെ പരിധിയിൽ ഉൾപ്പെടുന്നവ ആയിരിക്കണം. പൊതുമരാമത്ത് വകുപ്പിലെ ഡിസൈൻ വിഭാഗത്തിൻ കീഴിൽ വരുന്ന ക്വാളിറ്റി കൺട്രോൾ വിഭാഗത്തിൽ നിന്നും നേരിട്ട് നടത്തുന്ന പരിശോധനകളാണ് രണ്ടാം തലത്തിലുള്ള ഗുണ പരിശോധന സംവിധാനം (2nd tier quality testing) എന്ന് അറിയിപ്പെടുന്നത്. ക്വാളിറ്റി കൺട്രോൾ വിഭാഗം ജീവനക്കാർ നിർമ്മാണ സൈറ്റുകളിൽ നേരിട്ട് എത്തി നിർമ്മാണ സാമ്പിളുകൾ ശേഖരിക്കുകയും, ഡിപ്പാർട്ടുമെന്റ് ലബോറട്ടറികളിൽ ഗുണ പരിശോധകൾ നടത്തി റിസൾട്ട് തയ്യാറാക്കുകയും ചെയ്യുന്നു. നിർമ്മാണ പ്രവർത്തനം പൂർത്തികരിച്ചതിന് ശേഷം നിർമ്മിതികളുടെ പ്രവർത്തന ക്ഷമത പരിശോധിക്കുന്നതിന് വേണ്ടി പ്രത്യേക ഉപകരണങ്ങളുടെ സഹായത്തോടെ എക്സ്പെർട്ട് ഏജൻസി മുഖാന്തിരം പ്രത്യേക പരിശോധനകൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനെ മൂന്നാം തലത്തിലുള്ള (3rd tier quality testing) ഗുണ പരിശോധന എന്ന് അറിയപ്പെടുന്നു. 1 ാം |

| | | | |
|---|---|---|---|
| | | | തലത്തിലുള്ള പരിശോധന ഫലവും 2 ാം തലത്തിലുള്ള പരിശോധന ഫലവും തമ്മിൽ വൈരുദ്ധ്യമുണ്ടായാൽ നിർവ്വഹണ വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ മൂന്നാമതൊരു അംഗീകൃത ലബോറട്ടറിയെ ഉപയോഗപ്പെടുത്തി വീണ്ടും പരിശോധന നടത്തണമെന്നും, ആ പരിശോധന ഫലം അന്തിമമായിരിക്കുമെന്നും ക്വാളിറ്റി കൺട്രോൾ മാന്വലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനെ തേർഡ് പാർട്ടി പരിശോധന എന്ന് അറിയപ്പെടുന്നു. ഇങ്ങനെ സുതാര്യവും നിക്ഷ്പക്ഷവും കാര്യക്ഷമവുമായ പരിശോധന സംവിധാനമാണ് പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കിയിട്ടുള്ളത്. |
| (ബി) | കിഫ്ബി പദ്ധതികളിൽ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള ഇൻസ്പെക്ഷൻ വിംഗ് ഉള്ളതുപോലെ പൊതുമരാമത്ത് വകുപ്പിന് കീഴിൽ പ്രത്യേക പരിശോധനാവിഭാഗം ഉണ്ടോ; വിശദമാക്കുമോ; | (ബി) | പൊതുമരാമത്ത് വകുപ്പിൽ ഡിസൈൻ ചീഫ് എഞ്ചിനീയറുടെ കീഴിൽ വിപുലമായ പ്രത്യേക പരിശോധന വിഭാഗം നിലവിലുണ്ട്. സംസ്ഥാനത്തെ 14 ജില്ലകളിലും ക്വാളിറ്റി കൺട്രോൾ പരിശോധനകൾക്കായി ജില്ലാ ലാബോറട്ടറികൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ലബോറട്ടറികൾ റീജിയണൽ ലബോറട്ടറികളാണ്. ജില്ലാ ലബോറട്ടറികൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും റീജിയണൽ ലബോറട്ടറികൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും ആണ് പ്രവർത്തിച്ചു പോരുന്നത്. ക്വാളിറ്റി കൺട്രോൾ ലാബുകളിലെ സാങ്കേതിക വിഭാഗം ജീവനക്കാർ പ്രവൃത്തികളുടെ ഗുണനിലവാര പരിശോധനകൾക്കായി സാമ്പിളുകൾ ശേഖരിച്ച് ആധുനിക പരിശോധന ഉപകരണങ്ങളുടെ സഹായത്തോടെ പരിശോധനകൾ നടത്തി ഗുണ നിലവാരം ഉറപ്പ് വരുത്തുന്നു. ഇതിനു പുറമേ പൊതുമരാമത്ത് വിജിലൻസ് വിഭാഗവും നിലവിലുണ്ട്. |
| (സി) | നിർമ്മാണത്തിലെ അപാകത കാരണം കരാറുകാരുടെ രജിസ്ട്രേഷൻ റദ്ദാക്കി അവരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താറുണ്ടോ; ഈ സർക്കാർ നിലവിൽ വന്നശേഷം എത്ര കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി; | (സി) | ഉണ്ട്. ഈ സർക്കാർ നിലവിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിൽ നാല് കരാറുകാരെയും കെട്ടിട വിഭാഗത്തിൽ നാല് കരാറുകാരെയും കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | പാലാരിവട്ടം പാലം നിർമ്മിച്ച ആർ.ഡി.എസ്. എന്ന കമ്പനിയെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | (ഡി) | പാലാരിവട്ടം മേൽപ്പാല നിർമ്മാണത്തിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് M/sആർ.ഡി.എസ് പ്രോജക്ട്സ് കമ്പനിയെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താനുള്ള നീക്കത്തിനെതിരെ ടി കമ്പനി ബഹു. ഹൈ കോടതിയിൽ സമർപ്പിച്ചിട്ടുള്ള കേസുകളുടെ തീർപ്പിന് വിധേയമായി നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുവാൻ നിയമ വകുപ്പിൽ നിന്നും പൊതുമരാമത്ത് വകുപ്പിന് ഉപദേശം ലഭിച്ചിട്ടുണ്ട്. |
| (ഇ) | പ്രസ്തുത കമ്പനിക്ക് ഈ സർക്കാർ നിലവിൽ ഏതൊക്കെ പ്രവൃത്തികളുടെ കരാറാണ് നൽകിയിട്ടുള്ളത്; പ്രസ്തുത ഓരോ കരാറിന്റെയും അടങ്കൽ തുക എത്ര വീതമാണ്? | (ഇ) | റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി കെ.എസ്.റ്റി.പി. M/s. RDS Projects കമ്പനിക്ക് നിലവിൽ നൽകിയ പ്രവൃത്തികൾ, അടങ്കൽ തുക എന്നിവ ചുവടെ ചേർക്കുന്നു. 1. ഏട്ടൂർ - പാലത്തുംകടവ് റോഡ് വികസനം (കണ്ണൂർ ജില്ല) – 128.43 കോടി രൂപ. 2. കുമ്പള – മുള്ളേരിയ റോഡ് വികസനം (കാസർഗോഡ് ജില്ല) – 158.85 കോടി രൂപ. 3. പുനലൂർ - കോന്നി റോഡ് വികസനം (കൊല്ലം ജില്ല) – 221.04 കോടി രൂപ. |

സെക്ഷൻ ഓഫീസർ